## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2225    23/01/2014- ൽ മറുപടിക്ക്

# വൈദ്യുത ഉല്പാദനത്തിനുള്ള പുതിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ഉൽപാദനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന പുതിയ പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| 1 വെസ്റ്റേൺ കല്ലാർ | 5MW | 17.41 Mu |
| 2. അപ്പർ ചെങ്കുളം | 24MW | 53.22 Mu |
| 3. ഭൂതത്താൻ കെട്ട് | 24MW | 83.50Mu |

കൂടാതെ മാരിപ്പുഴ (6 MW, വാലത്തോട് (7.5) MW, മാർമ്മല (7 MW) എന്നിവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തിയായി വരുന്നു.

വൈത്തിരി (60 MW), തൊമ്മൻ കുത്ത് (2.5 MW), കാന്തൻ പാറ (66 MW), മുറിക്കടവ് (2 MW), കല്ലാർ (4 MW) തുടങ്ങിയ പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ ജോലികൾ പുരോഗമിക്കുന്നു.

കൂടാതെ ഹ്രസ്വ – ദീർഘ കാലയളവിൽ ഊർജ്ജോല്പാദനത്തിനായി വിഭാവനം ചെയ്ത് പ്രയോജകമാക്കാൻ നടപടികൾ ആരംഭിച്ചിട്ടുള്ള പദ്ധതികളെ കുറിച്ച് ചുവടെ ചേർക്കുന്നു.

ബ്രഹ്മപുരത്ത് ഒന്നാം ഘട്ടമായി സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള 400 മെഗാവാട്ടിന്റെ വാതകാധിഷ്ഠിത വൈദ്യുത പദ്ധതി ട്രാക്റ്റ് ബെൽ എന്ന ഏജൻസി ഇതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) സമർപ്പിച്ചിട്ടുണ്ട്. പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള തുടർ നട പടികൾ നടന്നു വരുന്നു.

Petcoke ഇന്ധനമാക്കി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന 500 മെഗാവാട്ടിന്റെ താപ വൈദ്യുത പദ്ധതിയുടെ പ്രാഥമിക സാധ്യത പഠനം നടത്തി കഴിഞ്ഞു

സൗരോർജ്ജം പ്രയോജനപ്പെടുത്തി പാലക്കാട് സ്ഥാപിക്കുന്ന കെ.എസ്.ഇ.ബി ടെൻഡറിംഗ് നടപടികൾ ആരംഭിച്ചിട്ടുള്ള 1 മെഗാവാട്ട് സൗരോർജ്ജ പദ്ധതി.

കെ.എസ്.ഇ.ബി.യുടെ കെട്ടിടങ്ങൾക്കു മുകളിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന 1.5 മെഗാ വാട്ട് ശേഷി വരുന്ന സൗരോർജ്ജത്തിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കാനാകുന്ന പദ്ധതി.

സോളാർ പോളിസി 2013 നെ അടിസ്ഥാനമാക്കി കെ.എസ്.ഇ.ബി രൂപകല്പന ചെയ്തിട്ടുള്ള സൗരോർജ്ജ പ്ലാന്റുകൾ ഉപയോഗിച്ചുള്ള ഊർജ്ജോല്പാദന പദ്ധതി കൾ.

ദീർഘ കാലയളവിൽ നടപ്പാക്കാനുദ്ദേശിച്ച്, കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി NHPC, NTPC എന്നീ സ്ഥാപനങ്ങളുമായി ധാരണാ പത്രത്തിൽ ഒപ്പുവച്ചു. ഇതിൽ NTPC 200 മെഗാവാട്ടിന്റെ പദ്ധതിയും NHPC 82 MW ന്റെയും പദ്ധതിയുമാണ് കരാർ ഒപ്പുവെച്ചത്. INOX Limited എന്ന സ്വകാര്യ സ്ഥാപനം 22 മെഗാവാട്ട് വൈദ്യുതി കാറ്റിൽ നിന്നും ഉല്പാദിപ്പിക്കുന്നതിനായുള്ള പണികൾ ആരംഭിച്ചിട്ടുണ്ട്.

1 KW ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ കെട്ടിടങ്ങൾക്ക് മുകളിൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദനത്തിൽ അനെർട്ടിന്റെ നേതൃത്വത്തിൽ ആരംഭം കുറിച്ചു.

| | |
|---|---|
| (ബി) സംസ്ഥാനത്ത് നിർമ്മാണത്തിലുള്ള ചെറുകിട വൈദ്യുതി പദ്ധതികളും അവയുടെ നിലവിലുളള സ്ഥിതിയും വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന ചെറുകിട ജലവൈദ്യുതി പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) കേരളം നേരിടുന്ന വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമായി സർക്കാർ നിർദ്ദേശിക്കുന്ന ഫല പ്രദ മാർഗങ്ങൾ വിശദമാക്കുമോ? | (സി) സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘ കാലാടിസ്ഥാനത്തിലും താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. |

400 മെഗാവാട്ട് വൈദ്യുതി 2014 മാർച്ച് മുതൽ 2017 ഫെബ്രുവരി വരെ വാങ്ങുന്നതിന് മൽസരാധിഷ്ഠിത ടെൻഡർ വഴി വൈദ്യുതി വ്യാപാരികളുമായി കരാറിൽ ഏർപ്പെട്ടു.

150 മെഗാവാട്ട് വൈദ്യുതി TATA MAITHON എന്ന ജനറേറ്ററിൽ നിന്നും 30 വർഷത്തേയ്ക്ക് വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടു.

165 മെഗാവാട്ട് വൈദ്യുതി ആന്ധ്രയിലെ Damodar Sanjeevaiah എന്ന ജനറേറ്ററിൽ നിന്ന് വാങ്ങുന്നതിന് സമ്മത പത്രത്തിൽ ഏർപ്പെട്ടു.

കൂടാതെ, 1000 മെഗാവാട്ട് വൈദ്യുതി ഘട്ടംഘട്ടമായി, 400 മെഗാവാട്ട്, 200 മെഗാവാട്ട്, 400 മെഗാവാട്ട് വീതം 2015-16, 2016-17, 2017-18 വർഷങ്ങളിൽ, മൽസരാധിഷ്ഠിത ടെൻഡർ വഴി വൈദ്യുതി ജനറേറ്റിംഗ് കമ്പനികളിൽ നിന്നും

( 4 )

വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.

ചെറുതും, വലുതുമായി ഏകദേശം 500 മെഗാവാട്ടിന്റെ ജല വൈദ്യുതി പദ്ധതികൾ 12 -ാം പഞ്ചവൽസര പദ്ധതിക്കാലത്ത് നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നു.

പ്രസരണ-വിതരണ നഷ്ടം പരമാവധി കുറയ്ക്കുന്നതിനും അതുവഴി വൈദ്യുതി ആവശ്യകത കുറയ്ക്കുന്നതിനും നടപടികൾ എടുത്തിട്ടുണ്ട്.

ഊർജ്ജ സംരക്ഷണം പ്രോൽസാഹിപ്പിക്കുന്നതിനും, അതുവഴി അനാവശ്യവും ആഡംബരാവശ്യത്തിനുമുള്ള വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനും നടപടികൾ എടുക്കുന്നുണ്ട്.

പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്ന് വൈദ്യുതി ഉൽപ്പാദനം സ്വകാര്യ സംരംഭകർ വഴി പ്രോൽസാഹിപ്പിക്കാൻ നടപടികൾ എടുത്തിട്ടുണ്ട്.

വീടുകളിലും ഓഫീസുകളിലും, സബ്സിഡി നൽകി കൊണ്ട് സോളാർ വൈദ്യുതി പരമാവധി പ്രോൽസാഹിപ്പിക്കുന്നതിന് നടപടികൾ എടുത്തു വരുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | |
|---|---|
| 1. വിലങ്ങാട് | 7.5 MW, 88% പണികൾ പൂർത്തിയായി. ജൂൺ 2014 ൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. |
| 2. ചാത്തൻകോട്ട നട | 6 MW, 15.02 % പണികൾ പൂർത്തിയായി. 2015ൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. |
| 3. ബാരപ്പോൾ | 15 MW, 64% പണികൾ പൂർത്തിയായി. 2014 ൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. |
| 4. പെരുന്തേനരുവി | 6 MW, [illegible].5% പണികൾ പൂർത്തിയായി. മാർച്ച് 2015 ൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. |
| 5. കക്കയം | 3 MW, 54% പണികൾ പൂർത്തിയായി. മെയ് 2015 ൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. |
| 6. വെള്ളത്തൂവൽ | 3.6 MW, 3.5 % പണികൾ പൂർത്തിയായി. ഫെബ്രുവരി 2015 ൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. |
| 7. ആഢ്യൻപാറ | 3.5 MW, 16% പണികൾ പൂർത്തിയായി. ജനുവരി 2015 ൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. |
| 8. ചിമ്മിനി | 2.5 MW, 36.1 % പണികൾ പൂർത്തിയായി. ഡിസംബർ 2014 ൽ കമ്മീഷൻ ചെയ്യുവാൻ ലക്ഷ്യമിടുന്നു. |